Page 1 of 2

വികസന പദ്ധതി (2018 -2019) ഫണ്ടിൽ നിന്നും 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി പഴയ മെയിൽ വാർഡ് കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. കെട്ടിടം പൊളിക്കുന്നതിനുള്ള ലേലം, പുനർ ലേലം, പത്ര പരസ്യം എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശുപത്രി വികസന സമിതി യോഗത്തിൽ ആശുപത്രിയിലെ പ്രവർത്തന യോഗ്യമല്ലാത്ത മറ്റു കെട്ടിടങ്ങളും പൊളിച്ചുമാറ്റി, എം.എൽ.എ. ഫണ്ടുപയോഗിച്ച് കൂടുതൽ സൗകര്യങ്ങളോടുകൂടിയ ബഹുനില കെട്ടിടം പണിയുവാൻ തീരുമാനിച്ചിട്ടുണ്ട്. ഉപയോഗശൂന്യമായ കെട്ടിടങ്ങളുടെ അൺഫിറ്റ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാൻ ബ്ലോക്ക് പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് കത്ത് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ആശുപത്രിയിൽ നിലവിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും ഇനി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കാമോ?

നിലവിൽ ജനറൽ ഒ.പി, സ്പെഷ്യാലിറ്റി ഒ.പി (ഗൈനക്കോളജി), പീഡിയാട്രിക്സ്, ഡെന്റൽ സൗകര്യങ്ങളുണ്ട്. ദിവസേനയുള്ള വാക്സിനേഷൻ, പ്രതിരോധ കുത്തിവെയ്പ് എന്നിവ നടന്നുവരുന്നു. സായാഹ്ന ഒ.പി തുടങ്ങുന്നതിനായി എൻ.എച്ച്.എം. ഡോക്ടറുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഭാവിയിൽ പുതിയ കെട്ടിടം വരുന്ന മുറയ്ക്ക് ഐ.പി. സേവനങ്ങളും മറ്റ് ബന്ധപ്പെട്ട സേവനങ്ങളും ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

കുമ്മണ്ണൂർ ഡിസ്പെൻസറി

185 (185) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കുമ്മണ്ണൂരിൽ ഡിസ്പെൻസറി ആരംഭിക്കുന്നതു സംബന്ധിച്ച് 22-1-2020-ൽ നൽകിയ ഹെൽത്ത് - എഫ്.ഡബ്ല്യു.1/6/2020 നമ്പർ കത്തിന് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ കോട്ടയം ഡി.എം.ഒ. റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; റിപ്പോർട്ട് എന്നത്തേയ്ക്ക് സമർപ്പിക്കും എന്നറിയിക്കാമോ; റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ?

(എ&ബി) കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കുമ്മണ്ണൂരിൽ ഡിസ്പെൻസറി ആരംഭിക്കുന്നതു സംബന്ധിച്ച് 22-1-2020-ൽ നൽകിയ ഹെൽത്ത്-എഫ്.ഡബ്ല്യു1/6/2020 നമ്പർ കത്തിന് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസർ

LIBRARY ARCHIVES Kerala Legislative Assembly

30-9-2021-ൽ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

പാലക്കാട് മരുതറോഡ് പി.എച്ച്.സി.-യിൽ കോവിഡ് ഐസൊലേഷൻ വാർഡ്

186 (186) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ മരുതറോഡ് പി.എച്ച്.സി.-യിൽ കോവിഡ് ഐസൊലേഷൻ വാർഡ് സ്ഥാപിക്കുവാൻ ആരോഗ്യ വകുപ്പ് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചുവരുന്നത് എന്ന് അറിയിക്കാമോ; ആയതിന്റെ തുക ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മലമ്പുഴ നിയോജക മണ്ഡലത്തിലെ മരുതറോഡ് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിന് 26-7-2021-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി നിയോഗിച്ചിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ നിർമ്മാണ പ്രവൃത്തി ഏറ്റെടുക്കുന്നതിനുള്ള താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. 10 കിടക്കകളുള്ള 140 ഐസൊലേഷൻ വാർഡുകൾക്കായി 236.3 കോടി രൂപയ്ക്കാണ് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുള്ളത്. പ്രീ എഞ്ചിനീയറിംഗ് സ്ട്രക്ചർ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ക്ഷണിച്ചിട്ടുള്ള ആർ.എഫ്.പി പ്രൊപ്പോസൽ ലഭിച്ചാൽ മാത്രമേ ഒരു ഐസൊലേഷൻ വാർഡിനുവേണ്ടി വരുന്ന കൃത്യമായ തുക കണക്കാക്കുവാൻ കഴിയുകയുള്ളൂ.

നാദാപുരം താലൂക്കാശുപത്രി

187 (187) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം താലൂക്കാശുപത്രിയുടെ പുതിയ ബ്ലോക്കിലേയ്ക്ക് മെഡിക്കൽ ഉപകരണങ്ങളും മറ്റ് സ്റ്റേഷനറികളും ലഭ്യമാക്കുന്നതിന് നൽകിയ പ്രൊപ്പോസലിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബ്ലോക്കിലേയ്ക്ക് ആവശ്യമായ സാധന സാമഗ്രികൾ ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) നാദാപുരം താലൂക്കാശുപത്രിയുടെ പുതിയ ബ്ലോക്കിനായി അനുവദിച്ച 10 ലക്ഷം രൂപയിൽ 1,66,156 രൂപയുടെ താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly